# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM (BROADCASTING TIME 06.15 PM) DATE: 01.02-2026**

## പ്രധാനവാർത്തകൾ

1. **ഉൽപ്പാദന-മത്സരക്ഷമത വർദ്ധിപ്പിച്ച്, സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താൻ ലക്ഷ്യമിട്ട് 2026-27 ലെ കേന്ദ്രബജറ്റ്; ധനക്കമ്മി 4.3 ശതമാനമായി കുറയുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ.**
2. **യുവജന ശാക്തീകരണം, സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് ബജറ്റിൽ പ്രത്യേക ഊന്നൽ.**
3. **അടിസ്ഥാനസൗകര്യ വികസനത്തിന് വലിയ മുൻഗണന; മൂലധന ചെലവിനായി വകയിരുത്തിയത് 12.2 ലക്ഷം കോടി രൂപ; വികസനത്തിനു ആക്കം കൂട്ടാൻ പുതിയ അതിവേഗ റെയിൽപ്പാതകളും ചരക്ക് ഇടനാഴികളും.**
4. **നാളികേരം, കശുവണ്ടി, കൊക്കോ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പ്രത്യേക പാക്കേജുകൾ; കേരളമുൾപ്പെടെയുള്ള ധാതു സമ്പുഷ്ട സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി അപൂർവ ധാതു ഇടനാഴികൾ.**
5. **മെയ്ക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് സംരംഭങ്ങൾക്ക് നവോന്മേഷം പകരുന്ന രൂപരേഖയാണ് കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; രാജ്യത്തിന്റെ യഥാർത്ഥ പ്രതിസന്ധികൾക്ക് മുന്നിൽ കണ്ണടക്കുന്ന ബജറ്റെന്ന് പ്രതിപക്ഷം.**

RNU TVPM

6. **ബജറ്റിൽ കേരളത്തിന് കാര്യമായ പരിഗണനയില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; രാജ്യത്തിന്റെ സുസ്ഥിര ഭാവി മുന്നിൽകണ്ടുള്ള ബജറ്റെന്ന് സാമ്പത്തിക വിദഗ്ധർ.**
7. **ഓസ്ട്രേലിയൻ ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം കാർലോസ് അൽക്കാരസിന്.**

***********************************************

## ബജറ്റ് - യുവശക്തി

യുവശക്തിയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി 2026-27 ലെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ചു. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ നടന്നടുക്കുകയാണെന്ന് ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പറഞ്ഞു. ഉൽപ്പാദന-മത്സരക്ഷമത വർദ്ധിപ്പിച്ച്, സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് ബജറ്റ്. സുസ്ഥിര വളർച്ച, സാമ്പത്തിക അച്ചടക്കം, പണപ്പെരുപ്പം നിയന്ത്രിക്കൽ എന്നിവയ്ക്കാണ് നരേന്ദ്ര മോദി സർക്കാർ കഴിഞ്ഞ 12 വർഷങ്ങളിൽ പ്രാധാന്യം നൽകിയത്. പാവപ്പെട്ടവരെയും, പാർശ്വവത്കരിക്കപ്പെട്ടവരേയും പിന്തുണയ്ക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ധനമന്ത്രി അറിയിച്ചു. സാമ്പത്തിക വളർച്ചയുടെ നേട്ടം കർഷകർ, പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ, യുവജനങ്ങൾ, സ്ത്രീകൾ, ദരിദ്ര വിഭാഗങ്ങൾ എന്നിവരിലക്ക് എത്തിക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.

*******************************

RNU TVPM

## കാർഷിക രംഗം - ബജറ്റ്

കാർഷിക-ഭക്ഷ്യസംസ്കരണ രംഗത്ത് ഒട്ടേറെ സുപ്രധാന പ്രഖ്യാപനങ്ങളും ബജറ്റ് മുന്നോട്ട് വയ്ക്കുന്നു. കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതു ലക്ഷ്യമിട്ടുള്ളവയാണ് ഇവയിൽ അധികവും. തീരദേശ മേഖലകളിൽ, മത്സ്യബന്ധന മൂല്യശൃംഖല ശക്തിപ്പെടുത്തും. മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ

വികസനത്തിനായി ക്രെഡിറ്റ്-ലിങ്ക്ഡ് സബ്സിഡി പ്രോഗ്രാം, ആധുനികവത്കരണം എന്നിവ നടപ്പിലാക്കും.
*******************************

**സാങ്കേതിക മേഖല - ബജറ്റ് (ഇൻട്രോ)**

നിർണ്ണായക സാങ്കേതിക മേഖലകളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നിരവധി ദൗത്യങ്ങൾ നടപ്പിലാക്കും. ഇന്ത്യ സെമികണ്ടക്ടർ മിഷൻ 2.0, ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമ്മാണ പദ്ധതി, മൂന്ന് കെമിക്കൽ പാർക്കുകൾ എന്നിവ സ്ഥാപിക്കും.

(ഹോൾഡ് വോയിസ്)

*******************************

**ബയോഫാർമ ശക്തി**

ഇന്ത്യയെ ആഗോള ബയോഫാർമ നിർമ്മാണ കേന്ദ്രമാക്കി മാറ്റുമെന്ന് ധനമന്ത്രി നിർമല സീതാരാമൻ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ഇതിനായി 'ബയോഫാർമ ശക്തി' എന്ന പേരിൽ അഞ്ച് വർഷത്തേക്ക് പ്രത്യേക ദൗത്യം നടപ്പാക്കും. പതിനായിരം കോടി രൂപ വിനിയോഗിക്കും.
*******************************

RNU TVPM

**വസ്ത്രമേഖല**

വസ്ത്ര മേഖലയ്ക്കായി, സംയോജിത പദ്ധതി നടപ്പിലാക്കും. ദേശീയ ഫൈബർ പദ്ധതി, ടെക്സ്റ്റൈൽ വിപുലീകരണം, തൊഴിൽ പദ്ധതി എന്നിവ ഉൾപ്പെടെ അഞ്ച് ഉപവിഭാഗങ്ങൾ ഇതിൽ ഉണ്ടാകും. ഖാദി, കൈത്തറി, കരകൗശല മേഖലകളെ ശക്തിപ്പെടുത്തുന്നതിനായി 'മഹാത്മാഗാന്ധി ഗ്രാം സ്വരാജ്' എന്ന പേരിൽ പുതിയ സംരംഭം ആരംഭിക്കും.
*******************************

**ധാതുനിക്ഷേപം (ഇൻട്രോ)**

കേരളം, ഒഡിഷ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ അപൂർവ ധാതു ഇടനാഴികൾ സജ്ജമാക്കാനും ബജറ്റ് പ്രഖ്യാപനമുണ്ട്. ധാതു ഇറക്കുമതി കുറയ്ക്കുകയാണ് ഇതിലൂടെ ധനമന്ത്രി ലക്ഷ്യമിടുന്നത്.

***ഒരു റിപ്പോർട്ട്....***

*(വോയിസ്)*

*അപൂർവ്വ ധാതു നിക്ഷേപങ്ങൾക്കായി മറ്റു രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനുള്ള വലിയ ചുവടുവയ്പ്പാണ് അപൂർവ്വ ധാതു ഖനന ഇടനാഴിയുടെ പ്രഖ്യാപനത്തിലൂടെ ധനമന്ത്രി ബജറ്റിലൂടെ ലക്ഷ്യമിട്ടത്. തമിഴ്നാട്, കേരളം, ഒഡിഷ, ആന്ധ്രാപ്രദേശ് എന്നീ നാല് സംസ്ഥാനങ്ങളിൽ ഇതിനായി പ്രത്യേക ഇടനാഴികൾ സ്ഥാപിക്കും. സ്മാർട്ട്ഫോണുകൾ, ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ, ഇലക്ട്രിക് വാഹനങ്ങൾ മുതൽ യുദ്ധവിമാനങ്ങൾ വരെ എല്ലാത്തിലും നിർണായകമായ 17 ഘടകങ്ങളുടെ കൂട്ടമാണ് അപൂർവ്വ ധാതു നിക്ഷേപങ്ങൾ. ആഗോള ഖനി ഉൽപ്പാദനത്തിന്റെ ഏകദേശം അറുപത് ശതമാനവും അപൂർവ്വ ഭൗമ കാന്ത ഉൽപ്പാദനത്തിന്റെയും ഏകദേശം 90% ഉം ചൈനയാണ് വഹിക്കുന്നത്. ഇന്ത്യയിലെ അപൂർവ ധാതുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ ഇക്കാര്യത്തിലുള്ള ആശ്രയത്വം ഇന്ത്യക്കു കുറയ്ക്കാനുമാകും.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

*********************************

## കണ്ടന്റ് ക്രിയേറ്റർ ലാബുകൾ

ഇന്ത്യയിലെ ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ് മേഖല എന്നിവ വളർന്നുവരുന്ന വ്യവസായങ്ങളാണെന്നും ധനമന്ത്രി പറഞ്ഞു. 15,000 സെക്കൻഡറി സ്കൂളുകളിലും, 500 കോളേജുകളിലും AVGC കണ്ടന്റ് ക്രിയേറ്റർ ലാബുകൾ സ്ഥാപിക്കുമെന്നും ബജറ്റിൽ വ്യക്തമാക്കുന്നു.

*********************************

PIUTVPM

## ബാങ്കിങ് മേഖല

വികസിത ഭാരതം ലക്ഷ്യമിട്ട് ബാങ്കിങ്ങ് മേഖലയ്ക്കായി ഉന്നത തല സമിതി രൂപീകരിക്കുമെന്നും ധനമന്ത്രി അറിയിച്ചു. വിദേശനാണ്യ വിനിമയ നിയന്ത്രണ ചട്ടങ്ങൾ സമഗ്രമായി വിലയിരുത്തി കൂടുതൽ സമകാലികമാക്കി മാറ്റുമെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.
*******************************

## പരിസ്ഥിതി സുസ്ഥിര യാത്ര

പരിസ്ഥിതി സുസ്ഥിരമായ യാത്രാ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു. ഇതിനായി ഏഴ് അതിവേഗ റെയിൽ ഇടനാഴികൾ വികസിപ്പിക്കും.
*******************************

## ബജറ്റ് കേരളം (ഇൻട്രോ)

കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതു ലക്ഷ്യമിട്ടുള്ള പ്രഖ്യാപനങ്ങൾ കേരളത്തിന് ഗുണം ചെയ്യും.

***ഒരു റിപ്പോർട്ട്...***

*(വോയിസ്)*

*തീരദേശ മേഖലകളിൽ, മത്സ്യബന്ധന മൂല്യശൃംഖല ശക്തിപ്പെടുത്തും. മത്സ്യക്കർഷക ഉൽപ്പാദക സംഘടനകൾ, സ്റ്റാർട്ടപ്പുകൾ, വനിതാസംഘങ്ങൾ എന്നിവയിലൂടെ വിപണിബന്ധങ്ങൾ മെച്ചപ്പെടുത്തും. കൊക്കോ, കശുവണ്ടി തുടങ്ങിയ ഉയർന്ന മൂല്യമുള്ള വിളകളെ പ്രോത്സാഹിപ്പിക്കുന്നതും കേരളത്തിന് ഗുണം ചെയ്യും. നാളികേര മേഖലക്കായി പ്രോത്സാഹന പദ്ധതി നടപ്പിലാക്കും. പഴയതും ഉൽപ്പാദനക്ഷമമല്ലാത്തതുമായ തെങ്ങുകൾ മാറ്റി മെച്ചപ്പെട്ടവ നട്ടുപിടിപ്പിക്കുന്നതിന് ഉൾപ്പെടെ സഹായം നൽകും. ചന്ദന കൃഷിയും വിളവെടുപ്പിനു ശേഷമുള്ള സംസ്കരണവും ഏകോപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാരുകളുമായി സഹകരിക്കും.*

***ന്യൂസ്ഡെസ്ക് ആകാശവാണി...***

PNU TVPM

*******************************

## ആദായ നികുതി നിയമം

2026 ഏപ്രിൽ മുതൽ പുതിയ ആദായ നികുതി നിയമം രാജ്യത്ത് നിലവിൽ വരും. ടാക്സ് നിയമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് പുതിയ നിയമം നിലവിൽ വരുന്നത്. പുതുതായി നിലവിൽ വരുന്ന നിയമം ആദായ നികുതി ഫയലിങ് ആയാസരഹിതമാക്കും. ആദായ നികുതി സ്ലാബുകളിൽ മാറ്റമില്ലെന്ന് നിർമല സീതാരാമൻ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി.

*******************************

## പരോക്ഷ നികുതി

പരോക്ഷ നികുതിയിൽ ഗണ്യമായ മാറ്റങ്ങൾ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചു. അർബുദ രോഗികൾക്കു വലിയ ആശ്വാസം നൽകിക്കൊണ്ട് ക്യാൻസർ മരുന്നുകളുടെ ഇറക്കുമതി തീരുവ കുറച്ചു. അർബുദചികിത്സയ്ക്കുള്ള 17 മരുന്നുകളുടെ തീരുവയാണ് കുറച്ചത്.

RNU TVPM

*******************************

## ദിവ്യാംഗൻ

ദിവ്യാംഗരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികളും ബജറ്റിൽ മുന്നോട്ട് വയ്ക്കുന്നു. ദിവ്യാംഗർക്ക് ഉന്നത നിലവാരമുള്ള സഹായ ഉപകരണങ്ങൾ ഇതിലൂടെ ഉറപ്പുവരുത്തും.

*******************************

## ധനക്കമ്മി

ബജറ്റിൽ അടിസ്ഥാനസൗകര്യ വികസനത്തിന് വലിയ മുൻഗണനയാണു നൽകുന്നത്. മൂലധന ചെലവിനായി വകയിരുത്തിയത് 12.2 ലക്ഷം കോടി രൂപ. 2026-27 ൽ 36.5 ലക്ഷം കോടി രൂപയുടെ വായ്പേതര വരുമാനവും, 53.5 ലക്ഷം കോടി

രൂപയുടെ മൊത്തം ചെലവുകളുമാണ് ബജറ്റിൽ കണക്കാക്കുന്നത്. ധനക്കമ്മി 4.5 ശതമാനമായി കുറയ്ക്കുമെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.
*******************************

## പ്രധാനമന്ത്രി - ബഡ്ജറ്റ് (ഇൻട്രോ)

2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള രൂപരേഖയാണ് 2026-27 ലെ കേന്ദ്രബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുവജന ശാക്തീകരണം, അടിസ്ഥാന സൗകര്യ വികസനം, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ എന്നിവയിൽ ബജറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നികുതി ആനുകൂല്യങ്ങൾ, സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾക്കുള്ള മെച്ചപ്പെട്ട പിന്തുണ, ബയോ-ഫാർമ ശക്തി മിഷന്റെ തുടക്കം എന്നിവയും പ്രധാന ആകർഷണങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിലെ 140 കോടി ജനങ്ങളുടെ അഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്നതാണ് ബജറ്റെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

*******************************

RNU TVPM

## അശ്വിനി വൈഷ്ണവ് (ഇൻട്രോ)

രാജ്യത്തിന്റെ സർവതോമുഖ വികസനത്തിന് ബജറ്റ് സഹായകമാകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഇലക്ട്രോണിക്സ്, സെമികണ്ടക്ടർ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണ് ബജറ്റിൽ നൽകിയിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

ഇന്ത്യയിലെ ഡാറ്റാ സെന്ററുകൾ വരും വർഷങ്ങളിൽ ലോകത്തിന് പുതിയ സേവനങ്ങൾ നൽകുന്ന വലിയ ശക്തിയായി മാറുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.
*******************************

## രാഹുൽ ഗാന്ധി പ്രതികരണം

ഇന്ത്യയുടെ യഥാർത്ഥ പ്രതിസന്ധികൾക്ക് മുന്നിൽ കണ്ണടക്കുകയും, തിരുത്തൽ വരുത്താൻ വിസമ്മതിക്കുകയും ചെയ്ത ബജറ്റാണ് ധനമന്ത്രി ഇന്ന് അവതരിപ്പിച്ചതെന്ന് ലോക് സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി. ഉൽപാദനം കുറയുന്നതും, നിക്ഷേപകർ മൂലധനം പിൻവലിക്കുന്നതും, കർഷകർ നേരിടുന്ന പ്രശ്നങ്ങളും ബജറ്റ് അവഗണിച്ചെന്നും അദ്ദേഹം ആരോപിച്ചു.

*******************************

## ബജറ്റ് - കേരള പ്രതികരണം (ഇൻട്രോ)

ബജറ്റിൽ കേരളത്തിന് കാര്യമായ പരിഗണനയില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനം ദീർഘകാലമായി ആവശ്യപ്പെടുന്ന എയിംസുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു.

*ബജറ്റ് പ്രതികരണങ്ങളിലേക്ക്....*

(വോയിസ്)

*കേന്ദ്രബജറ്റ് നിരാശാജനകമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. കൊല്ലത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.*

*(ബൈറ്റ്)*

*ബജറ്റിൽ കേന്ദ്ര സർക്കാരിന് കേരളത്തോടുള്ള അവഗണന തുടരുന്നതായി വ്യവസായ മന്ത്രി പി രാജീവ് പ്രതികരിച്ചു.*

*രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്ന പൊതുവിദ്യാഭ്യാസ മേഖലയെ കേന്ദ്ര ബജറ്റിൽ പൂർണ്ണമായും അവഗണിച്ചതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കേരളത്തിന്റെ ധാതു സമ്പത്തുകൾ കോർപറേറ്റുകൾക്ക് വിൽക്കാനുള്ള പദ്ധതിയായെ അപൂർവ ധാതു ഇടനാഴിയെ കണക്കാക്കാൻ സാധിക്കുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ആരോപിച്ചു.*

*(ബൈറ്റ്)*

PRDTVPM

*കേന്ദ്ര ബജറ്റിൽ കേരളത്തിന് ഒന്നും കിട്ടിയിട്ടില്ല എന്ന് പ്രചരിപ്പിക്കുന്നത് എൽഡിഎഫ് സർക്കാരാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി.*

*(ബൈറ്റ്)*

*ബജറ്റിലൂടെ കേന്ദ്രം കേരളത്തെ വെല്ലുവിളിക്കുകയാണെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. കേന്ദ്ര ബജറ്റ് കർഷകർ, യുവജനങ്ങൾ, ചെറുകിട സംരംഭകർ, ആരോഗ്യ, ഗതാഗതം ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങൾക്കും പ്രതീക്ഷ നൽകുന്നതാണെന്ന് മലബാർ ഡെവലപ്മെന്റ് കൗൺസിൽ എം.ഡി.സി. പ്രസിഡന്റ് സി.ഇ.ചാക്കുണ്ണി ചൂണ്ടിക്കാട്ടി.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

*******************************

## നിർമല സീതാരാമൻ - വാർത്താ സമ്മേളനം

RNU TVPM

ഏവരെയും ഉൾക്കൊള്ളുന്ന വികസനമാണ് ബജറ്റിന്റെ അടിസ്ഥാനമെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. ബജറ്റവതരണത്തിനു ശേഷം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. ആരോഗ്യമേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയ ബജറ്റിൽ, മാനസികാരോഗ്യത്തിന് മുൻതൂക്കം നൽകിയതായും ധനമന്ത്രി വ്യക്തമാക്കി. സുസ്ഥിര സാമ്പത്തിക വളർച്ച ലക്ഷ്യമിട്ട് ശക്തമായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള പരിഷ്കാരങ്ങൾ രാജ്യത്ത് തുടരുമെന്നും ശ്രീമതി സീതാരാമൻ പറഞ്ഞു.

*******************************

## സാമ്പത്തിക വിദഗ്ധൻ (ഇൻട്രോ)

ആഗോളതലത്തിൽ അസ്ഥിരത നിലനിൽക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക സ്ഥിരതയും രാജ്യത്തിൻറെ സുസ്ഥിര ഭാവിയും മുന്നിൽകണ്ടുള്ള ബജറ്റാണ് ഇന്ന് അവതരിപ്പിച്ചതെന്ന് സാമ്പത്തിക വിദഗ്ദ്ധനും തിരുവനന്തപുരം IIST അസോസിയേറ്റ്

പ്രൊഫസറും ആയ ഷൈജുമോൻ സി എസ്സ് ആകാശവാണി വാർത്തകളോട് പറഞ്ഞു...

(വോയിസ്)

*******************************

## രാജ് നാഥ് സിംഗ് പ്രതികരണം

കേന്ദ്ര ബജറ്റ് ഇന്ത്യയുടെ പ്രതിരോധ ശേഷി ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് പ്രതികരിച്ചു. പ്രതിരോധ മേഖലയ്ക്കായി 7.85 ലക്ഷം കോടി രൂപയെന്ന റെക്കോർഡ് വിഹിതം അനുവദിച്ചതിന് അദ്ദേഹം നന്ദി പ്രകടിപ്പിച്ചു.

*******************************

## ഓസ്ട്രേലിയൻ ഓപ്പൺ

ഓസ്ട്രേലിയൻ ഓപ്പൺ പുരുഷ സിംഗിൾസ് കിരീടം കാർലോസ് അൽക്കാരസിന്. 25-◌ാ◌ം കിരീടം ലക്ഷ്യമിട്ടെത്തിയ നൊവാക് ജോക്കോവിച്ചിനെയാണ് ഫൈനലിൽ അൽക്കാരസ് തോൽപ്പിച്ചത്. സ്കോർ 2-6, 6-2, 6-3, 7-5. അൽക്കാരസിന്റെ ആദ്യ ഓസ്ട്രേലിയൻ ഓപ്പൺ കിരീടമാണിത്.

RNU TVPM

*******************************

## അണ്ടർ 19 ക്രിക്കറ്റ്

അണ്ടർ-19 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ-6 മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ പാക്കിസ്ഥാന് 253 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടമായി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 49.5 ഓവറിൽ 252 റൺസെടുക്കുന്നതിനിടെ എല്ലാവരും പുറത്താവുകയായിരുന്നു.

*

********

*****************************************************